# പാവം ആദിവാസികൾ

**2005-ൽ** മധു കോഡയെ വേണ്ടാത്ത ഒരു രാഷ്ട്രീയ പാർട്ടിയുമുണ്ടായിരുന്നില്ല ദൽഹിയിൽ. അദ്ദേഹവും ഒപ്പമുണ്ടായിരുന്ന നാല് കാലുവാരികളുമാണ് അന്ന് ഝാർഖണ്ഡ് എന്ന സംസ്ഥാനത്തിന്റെ വിധി നിർണയിച്ച കേവലഭൂരിപക്ഷം നിർണയിച്ചവർ. അവർക്കു കൊടുക്കാനായി അക്ഷരാർഥത്തിൽ ചാക്കിലാണ് അന്ന് യു.പി.എയും ബി.ജെ.പിയും റാഞ്ചിയിലേക്ക് പണം കൊണ്ടുപോയത്. കൂടുതൽ വലിയ പണച്ചാക്ക് ഷിബു സോറനും കൂട്ടരും നൽകിയതുകൊണ്ടോ എന്തോ, മധു കോഡ ഒടുവിൽ യു.പി.എ പക്ഷത്തേക്കു ചാഞ്ഞു. ഇന്ത്യാ ചരിത്രത്തിൽ ആദ്യമായി ഒരു സ്വതന്ത്രൻ അങ്ങനെ മുഖ്യമന്ത്രിയുമായി. അർജുൻ മുണ്ടെയുടെ മന്ത്രിസഭക്ക് ഇങ്ങോർ അതുവരെ പിന്തുണ നൽകിയിരുന്നത് ഏതടിസ്ഥാനത്തിലായിരുന്നു എന്നത് ഇപ്പോൾ പൊതുജനവും ബി.ജെ.പിയും മറക്കുന്നു. ബി.ജെ.പി ടിക്കറ്റിൽ അസംബ്ലിയിലെത്തിയ കോഡക്ക് ഗ്രൂപ്പുകളിയുടെ ഭാഗമായാണ് രണ്ടാംതവണ സീറ്റില്ലാതായത്. അങ്ങനെയായിരുന്നു ഇയാൾ സ്വതന്ത്രസ്ഥാനാർഥിയുടെ വേഷം കെട്ടിയത്. പക്ഷേ അർജുൻ മുണ്ടക്ക് ഭൂരിപക്ഷം തികക്കാൻ വേണ്ടി ബി.ജെ.പി കോഡയെ പാളയത്തിലേക്കു തന്നെ തിരികെയെത്തിച്ചു. കാശു മാത്രമല്ല കൂടുതൽ വരുമാന സാധ്യതകളുള്ള മന്ത്രിക്കസേരയും വെച്ചു നീട്ടിയിരുന്നു. ലൈബീരിയയിൽ കോഡ സ്വന്തം പേരിൽ ഒരു കൽക്കരി ഖനി സ്വന്തമാക്കിയത് ഇക്കാലത്താണ്. രണ്ട് വർഷത്തിനുള്ളിൽ കോഡയും മുണ്ടയും കച്ചവടങ്ങളെ ചൊല്ലി തമ്മിൽ തെറ്റി പിന്തുണ പിൻവലിച്ചപ്പോഴാണ് 2005-ൽ ഝാർഖണ്ഡിൽ വീണ്ടും കുതിരക്കച്ചവടത്തിന് വേദിയൊരുങ്ങുന്നത്. എല്ലാ 'ഇടപാട് ഫയലു'കളിലും മുണ്ടെ കമ്മീഷൻ പറ്റുന്നു എന്നതായിരുന്നു പിന്തുണ പിൻവലിക്കാൻ കാരണമായി കോഡ വാർത്താ ലേഖകരോടു പറഞ്ഞ ദുഷിപ്പുകളിൽ ഒന്ന്. പരസ്യമായി പറയാൻ വയ്യാത്ത പരാതിയാണല്ലോ അത്.

ഇന്ന് കോഡയെ തള്ളിപ്പറയുന്നവരിൽ മുമ്പിലുള്ളത് രാജ്നാഥ് സിംഗും കൂട്ടരുമാണെങ്കിലും കോഡ പഠിച്ച കളരി ഏതായിരുന്നുവെന്ന് പാർട്ടി സൗകര്യപൂർവം മറക്കുന്നു. 'കോൺഗ്രസിന്റെയും ആർ.ജെ.ഡിയുടെയും അഴിമതി സംസ്കാരത്തെയാണ് കോഡ ചൂണ്ടിക്കാട്ടുന്നത്' എന്നാണ് വിഷയത്തെ കുറിച്ച് ബി.ജെ.പി ഉപാധ്യക്ഷൻ മുക്താർ അബ്ബാസ് നഖ്‌വിയുടെ പ്രതികരണം. പക്ഷേ യാഥാർഥ്യം അതു മാത്രമല്ല. 1990ൽ വെറുമൊരു കൂലിത്തൊഴിലാളിയായിരുന്ന മധു സംഘ്പരിവാറിലൂടെയാണ് രാഷ്ട്രീയത്തിലെത്തുന്നത്. 2000-ൽ ബി.ജെ.പി ടിക്കറ്റിൽ ആദ്യത്തെ തെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ വെറും ഒരു ലക്ഷം രൂപ വിലയുള്ള പിതാവ് നൽകിയ വീടും പത്ത് ലക്ഷം രൂപയുടെ നിക്ഷേപവും 30,000 രൂപ മാത്രം പണമായും സമ്പാദ്യമുണ്ടായിരുന്ന, സ്വന്തമായി വാഹനം ഇല്ലാതിരുന്ന 'സാത്വിക'നായ നേതാവായിരുന്നു മധു കോഡ. അവിടുന്നങ്ങോട്ട് മറാണ്ടിയോടൊപ്പവും അർജുൻ മുണ്ടയോടൊപ്പവും നിന്ന കാലമത്രയും അദ്ദേഹത്തിന്റെ ഈ 'ഉദാത്ത ഗുണങ്ങൾ' തുടർന്നു! പക്ഷേ കോൺഗ്രസ് പിന്തുണയോടെ മുഖ്യമന്ത്രിക്കസേരയിലിരുന്ന കാലമെത്തിയപ്പോഴേക്കും ഇന്നത്തെ നാലായിരം കോടിയുടെ ആസ്തിയുണ്ടാക്കിയ 'അധമ' കാലഘട്ടമായി. അസംബന്ധമല്ലേ

ഈ വാചകമടി? എന്ന് കോഡ എം.എൽ.എയായോ അന്നു തൊട്ട് തുടങ്ങിയതാണ് ഈ ഏർപ്പാടുകൾ. ബി.ജെ.പി ഇതിനെ കണ്ടില്ലെന്നു നടിക്കുകയാണ് ചെയ്തത്.

കോഡയെ മാത്രമല്ല ആദായ നികുതി വകുപ്പ് അന്വേഷിക്കുന്നത്. അർജുൻ മുണ്ടെയുടെയും കോഡെയുടെയും മന്ത്രിസഭയിലെ മറ്റ് ചില അംഗങ്ങൾ കൂടി ഇപ്പോഴത്തെ അന്വേഷണത്തിന്റെ റഡാറിലുണ്ട്. കോഡയോടൊപ്പം സ്വതന്ത്രരായി നിന്ന് മന്ത്രിസഭയെ പിന്തുണച്ച ഏനസ് എക്ക, ഹരിനാരായൺ റായി എന്നിവർക്കു പുറമെയാണിത്. നഗര വികസനം, എക്സൈസ്, പൊതു ഭക്ഷ്യ വിതരണം, ആരോഗ്യം, തൊഴിൽ മുതലായ വകുപ്പുകൾ കയ്യാളിയിരുന്ന കമലേഷ് സിംഗ്, ബാനുപ്രസാദ് സാഹി, ബന്ധു ടിർക്കി എന്നിവരാണ് ഈ അഴിമതി റാക്കറ്റിന്റെ ഭാഗമായിരുന്ന മന്ത്രിമാർ. ഈ മൂവരും ബി.ജെ.പി പാരമ്പര്യമുള്ളവരാണ്. മുംബൈയിലെ സാവേരി ബസാർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 'ബാലാജി ബുള്ളിയൻ' എന്ന ഓഹരി കമ്പനിയും ഒരു മുഖ്യമന്ത്രി നേരിട്ടു നയിച്ച ഈ അന്താരാഷ്ട്ര ഹവാല റാക്കറ്റിലെ സഖ്യകക്ഷിയാണ്. വിനോദ് കുമാർ സിൻഹ, സഞ്ജയ് ചൗധരി എന്നീ ബിനാമികളെ മുന്നിൽ നിർത്തിയാണ് തന്റെ ഭരണകാലഘട്ടങ്ങളിലുടനീളം കോഡ കോടികൾ കൊയ്തത്. നമ്മുടെ പല രാഷ്ട്രീയ നേതാക്കളുടെയും സ്വപ്നദേശമായ സിംഗപ്പൂരിലും ദുബായിയിലും തായ്ലാന്റിലും മാത്രമല്ല ആഫ്രിക്കൻ രാജ്യങ്ങളിൽ പോലും കോഡ കട്ടുമുടിച്ച പൊതുഖജനാവിലെ പണം എത്തിപ്പെട്ടിട്ടുണ്ട്. ഏനസ് എക്കയെയും ഹരിനാരായൺ റായിയെയും ഇതിനകം ചോദ്യം ചെയ്തതിൽ നിന്നും വിവിധ നഗരങ്ങളിലായി കോടികൾ വിലമതിക്കുന്ന 55 കെട്ടിടങ്ങളും റിയൽ എസ്റ്റേറ്റുകളും ഇവരുടെ പേരിലുള്ളതായി ആദായ നികുതി വകുപ്പ് കണ്ടെത്തിയിട്ടുണ്ട്.

30 ശതമാനം ആദിവാസി ജനസംഖ്യയുള്ളതുകൊണ്ട് പിന്നാക്ക പദവി നൽകി ബീഹാറിൽ നിന്നും ബി.ജെ.പി മുറിച്ചെടുത്ത ഝാർഖണ്ഡ് ഇന്നെത്തിപ്പെട്ടു നിൽക്കുന്ന ചിത്രമാണിത്. ഝാർഖണ്ഡിലെ ബി.ജെ.പി മന്ത്രിസഭയിലെ ഓരോ അംഗത്തിന്റെയും സത്യവാങ്മൂലങ്ങളും ഇന്നത്തെ ആസ്തികളും സ്വതന്ത്രമായ അന്വേഷണത്തിന് വിട്ടാലറിയാം ഈ സംസ്ഥാനത്തിന്റെ കഥ. പൊതുഖജനാവ് ഇതുപോലെ കട്ടുമുടിച്ച മറ്റൊരു ഭരണവും ഇന്ത്യയിലില്ല. കൂണുകൾ പോലെ നക്സലൈറ്റുകൾ മുളച്ചുപൊന്തുന്ന സംസ്ഥാനമായി ഝാർഖണ്ഡ് മാറിയതിനു പിന്നിലും ഈ മുണ്ടമാരും കോഡമാരുമൊക്കെയാണുള്ളത്. ആദിവാസികളുടെ പേരിൽ ഭരണം കയ്യാളിയ ഈ നേതാക്കളിൽ നല്ലൊരു പങ്കും സംഘ്പരിവാറിന്റെ കളരിയിൽ വളർന്നവരായിരുന്നു.

ഝാർഖണ്ഡിലെ അഴിമതിയുടെ കാര്യത്തിൽ ആ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ കാലം ഭരിച്ച ബി.ജെ.പി തന്നെയാണ് വലിയ കുറ്റവാളികൾ. അതേസമയം സയ്യിദ് സിബത്തെ റിസ്വി എന്ന വിവാദ കോൺഗ്രസുകാരൻ ഝാർഖണ്ഡിലെ ഗവർണർ പദവിയിലിരുന്ന് സമ്പാദിച്ചത് സി.ബി.ഐ അന്വേഷിക്കുന്ന വിവരം മറച്ചു പിടിച്ചാണ് കോൺഗ്രസ് പുണ്യവാളൻ ചമയുന്നതും. പൊതുതെരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തിനിൽക്കവെ ഞാനാണോ നീയാണോ മെച്ചമെന്ന് അലറിവിളിക്കുന്ന ഈ രാഷ്ട്രീയ പാർട്ടികൾ സ്വയം അപഹാസ്യരാവുകയാണ്. കോഡ ആരുടേതായാലെന്താ, ഝാർഖണ്ഡിൽ എല്ലാ രാഷ്ട്രീയക്കാരും കള്ളൻമാരല്ലേ? ■